**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1674** **02-02-2024 - ൽ മറുപടിയ്ക്ക്**

**കർഷക ആത്മഹത്യകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര കർഷക ആത്മഹത്യകൾ ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതു വരെ സംസ്ഥാനത്ത് 42 കർഷകർ പലവിധ കാരണങ്ങളാൽ ആത്മഹത്യ ചെയ്തിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് അനുവദിച്ച് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; പ്രസ്തുത കുടുംബങ്ങൾ ജപ്തി ഭീഷണി നേരിടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നടപടി ഉണ്ടായതെന്ന് വ്യക്തമാക്കാമോ; | (ബി) | കർഷക ആത്മഹത്യയായി സ്ഥിരീകരിച്ച് കഴിഞ്ഞാൽ ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കർഷകന്റെ ആശ്രിതർക്ക് ധനസഹായവും കട ഭീഷണിയുള്ള വിഷയങ്ങളിൽ ഉദാരമായ നിലപാട് സ്വീകരിക്കുവാൻ ബാങ്കുകൾക്ക് നിർദ്ദേശങ്ങളും നൽകാറുണ്ട്. റവന്യൂ വകുപ്പിൽ നിന്നും സാമ്പത്തിക സഹായമായി 44 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ജപ്തി ഭീഷണി നേരിടേണ്ട സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സംസ്ഥാനത്ത് കൃഷിയിൽ നിന്നും മതിയായ വരുമാനം ഉറപ്പാക്കുന്നതിനായി പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിൽ സാമ്പത്തികവും, സാങ്കേതികവുമായ സഹായങ്ങൾ ഉൾപ്പെടുന്നു. സംസ്ഥാന, കേന്ദ്ര, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ കർഷകരുടെ ഉന്നമനത്തിനായി പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കർഷക വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനം പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം കർഷകർക്ക് പിന്തുണ നൽകിക്കൊണ്ട് വിവിധ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ കാർഷിക ആവാസ യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നുണ്ട്.<br><br>പ്രകൃതിക്ഷോഭം മൂലവും, വന്യമൃഗാക്രമണം മൂലവും ഉണ്ടാകുന്ന വിള നാശത്തിനു സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരവും, കേന്ദ്ര സംസ്ഥാന |

ധനസഹായത്തോട്ടുകൂടി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസ് പദ്ധതി പ്രകാരവും, എസ്.ഡി.ആർ.എഫ് പ്രകാരവും നഷ്ടപരിഹാരം നൽകി വരുന്നു. കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസിൽ അംഗങ്ങളാകുന്ന കർഷകർക്ക് വിള നാശമുണ്ടായില്ലെങ്കിലും കാലാവസ്ഥാ വ്യതിയാനം മൂലം വിളകളുടെ ഉത്പാദനകുറവിനും ആനുപാതികമായ നഷ്ടപരിഹാരം നൽകുന്നു. വന്യമൃഗാക്രമണങ്ങളിൽ നിന്നും വിളകളെ സംരക്ഷിക്കുന്നതിന് 25 കോടി രൂപയുടെ RKVY പദ്ധതി, 1.88 കോടി രൂപയുടെ സംസ്ഥാന പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. വനംവകുപ്പിന്റെ എതിർപ്പില്ലാത്ത അസംരക്ഷിത വന പ്രദേശത്തും മറ്റ് ഭൂരേഖകൾ ലഭ്യമല്ലാതെ കൃഷി ചെയ്യുന്ന കർഷകർക്കും കൃഷി വകുപ്പിന്റെ ആനുകൂല്യം ലഭ്യമാകത്തക്ക വിധം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും പരിഹരിക്കുന്നതിനുമായി കൃഷി ദർശൻ പരിപാടി സംഘടിപ്പിച്ചു വരുന്നു.

നെല്ലിന് രാജ്യത്തെ മറ്റേതൊരു സംസ്ഥാനത്തെക്കാളും ഉയർന്ന സംഭരണ വില (28.20 രൂപ) നൽകി വരുന്നു. പച്ച തേങ്ങയ്ക്ക് കിലോയ്ക്ക് 34 രൂപ സംഭരണ വിലയായി നൽകുന്നു. വിലയിടിവ് തടയുന്നതിനായി കാർഷികോത്പന്നങ്ങൾക്ക് അടിസ്ഥാന പദ്ധതി നടപ്പിലാക്കി വരുന്നു. 16 ഇനം പഴം, പച്ചക്കറികൾക്ക് വിപണി വില അടിസ്ഥാന വിലയിലും താഴ്ന്ന പക്ഷം ആയതിന്റെ വ്യത്യാസം കണക്കാക്കി ആനുകൂല്യം നൽകി വരുന്നു. കർഷകർക്കായി കേരളാഗ്രോ എന്ന ബ്രാൻഡ് സ്ഥാപിക്കുകയും ഗുണമേന്മ ഉയർത്തി അധിക വരുമാനം ലഭിക്കത്തക്ക വിധം ശാക്തീകരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കാർഷികോത്പന്ന സംസ്കരണവും വിപണനവും കയറ്റുമതിയും ലക്ഷ്യം വച്ച് കേരള അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വരികയും ചെയ്യുന്നുണ്ട്.

കാലാവസ്ഥാ വ്യതിയാനം, പകർച്ച വ്യാധികൾ എന്നിവ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളുടെ ആഘാതങ്ങൾക്കെതിരെ കേരളത്തിന്റെ കാർഷിക മേഖലയുടെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും മൂല്യ വർദ്ധിത ശൃംഘല നവീകരിക്കുന്നതിനുമായി കേരള ക്ലൈമേറ്റ് റസീലിയന്റ് അഗ്രി വാല്യൂ ചെയിൻ

| | | | |
|---|---|---|---|
| | | | മോഡെണൈസേഷൻ (കേര) പദ്ധതി നടപ്പിലാക്കുവാൻ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ വർദ്ധിച്ചുവരുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (സി) | മറുപടി ബി പിരിവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| വർഷം | ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം |
|---|---|
| 2016 | 1 |
| 2017 | 1 |
| 2018 | 6 |
| 2019 | 13 |
| 2020 | 4 |
| 2021 | 3 |
| 2022 | 3 |
| 2023 | 9 |
| 2024 | 2 |

സെക്ഷൻ ഓഫീസർ